പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1375** **14. 06. 2013-** ലെ മറുപടി

<u>നാട്ടിൽ തിരിച്ചുവന്നുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നാട്ടിൽ തിരിച്ചുവന്നുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ വിലയിരുത്തുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) നാട്ടിൽ തിരിച്ചു വന്നുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ഒരു മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശരാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട മലയാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുവാനും പ്രസ്തുത പ്രശ്നം വിദേശ രാജ്യങ്ങളുമായി നയതന്ത്ര തലത്തിൽ പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സജീവ ഇടപെടൽ സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) സ്വദേശിവല്ക്കരണ നടപടികളെ തുടർന്ന് ആശങ്കാകുലരായി കഴിയുന്ന പ്രവാസികളുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; | (ബി)<br>• കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും നോർക്ക സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു.<br>• പ്രസ്തുത സഹായക കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവരുടെ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ഫാറത്തിൽ പ്രവാസി |

കൾക്ക് വിവരങ്ങൾ രേഖപ്പെടുത്തി സഹായക കേന്ദ്രങ്ങളിൽ ഏൽപ്പിക്കാവുന്നതാണ്. തിരികെയെത്തുന്നവരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഈ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്.

- സ്വദേശിവത്കരണം കർശനമാക്കിയതുമൂലം തിരികെ നാട്ടിലേയ്ക്ക് മടങ്ങിവരേണ്ടിവരുമെന്ന് കരുതുന്ന സൗദിയിലുള്ള മലയാളികൾക്ക് അവരുടെ സംശയങ്ങളുടെ ദൂരീകരണത്തിനും, എംബസ്സിയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ, പുനരധിവാസം, എയർപോർട്ടിലെ ക്രമീകരണങ്ങൾ എന്നിവ 24 മണിക്കൂറും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ നോർക്ക കോൾ സെന്ററിന്റെ പ്രവർത്തനം 24 X 7 യായി ദീർഘിപ്പിച്ചു.

- തിരികെയെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി നോർക്ക റൂട്ട്സ് വെബ്സൈറ്റിൽ തങ്ങളുടെ പേരും വിശദാംശങ്ങളും ഓൺലൈനായി രേഖപ്പെടുത്തുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

- എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചേർന്ന് കേരളത്തിലുള്ള പ്രവാസികളുടെ കാനേഷുമാരി നടന്നു വരികയാണ്.

- തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി നിയോഗിച്ചിട്ടുണ്ട്.

- തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു സമഗ്ര പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2012 –13 ൽ 1 കോടി രൂപ നൽകുകയും 2013–14 ൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂൺ 30 വരെ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിനകം തിരിച്ചയക്കപ്പെട്ടവർക്കുവേണ്ടി സ്വീകരിച്ച നടപടിയുടെ ഭാഗമായി എത്ര പേർ സംസ്ഥാനത്ത് സംരക്ഷിക്കപ്പെടുകയുണ്ടായി എന്നും അവശേഷിക്കുന്നവർ എത്ര എന്നും ; സംരക്ഷണ നടപടികൾ എന്തൊക്കെയായിരുന്നു എന്നും കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി എന്തെങ്കിലും പദ്ധതി നേടിയെടുക്കാൻ സാധ്യമായിട്ടുണ്ടോ എന്നും വിശദമാക്കുമോ?

(സി) വിദേശ രാജ്യങ്ങളിൽ നിന്ന് തിരികെയെത്തുന്നവർക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായി വരുന്നു.

സെക്ഷൻ ഓഫീസർ